# INTERNATIONAL INDIAN PUBLIC SCHOOL - RIYADH

## I TERM (2017-2018)

**Subject: Malayalam** **Grade: VII**

## Holiday homework

### വിദ്യാർഥികളും അച്ചടക്കവും

ഇന്നത്തെ വിദ്യാഭ്യാസരംഗത്ത് ഏററവും ആവശ്യമായ ഒരു കാര്യമാണ് അച്ചടക്കം. നമ്മുടെ വിദ്യാർഥികളിൽ അച്ചടക്കത്തിന്റെ അഭാവം മൂലം അക്രമവാസനകളും ലക്ഷ്യബോധമില്ലാതെയുള്ള ജീവിതരീതികളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അച്ചടക്കം എന്നതിന്റെ ശരിയായ അർഥം ഉൾക്കൊള്ളാൻ കഴിയാത്തതിനാലാണ് ഇങ്ങനെയുള്ള ദൂഷ്യഫലങ്ങൾ നമ്മുടെ വിദ്യാർഥി ലോകത്തെ വിഴുങ്ങിക്കളഞ്ഞിരിക്കുന്നത്.

അച്ചടക്കം എന്നാൽ പൂർണ നിശബ്ദതയല്ല, മറിച്ച് ഏകാഗ്രത, വിനയം, സത്യസന്ധത, നീതിബോധം എന്നിവയെല്ലാം അച്ചടക്കത്തിന്റെ ഭാഗങ്ങളാണ്. ഏകാഗ്രതയാണ് അച്ചടക്കത്തിന്റെ ആണിക്കല്ല്. പണ്ടത്തെ ഗുരുകുലങ്ങളിൽ ഈ അംശത്തിന് വളരെയേറെ പ്രാധാന്യം കൊടുത്തിരുന്നു.

ഗുരുജനങ്ങളേയും മാതാപിതാക്കളേയും തന്നേക്കാൾ പ്രായമേറിയവരേയും വിദ്യാർഥികൾ ആദരവോടെ കാണുകയും അവരുടെ വാക്കുകൾ അനുസരിക്കുകയും വേണം. സഹജീവികളോട് കരുണ കാട്ടുന്നതും അവരെ സഹായിക്കുന്നതും അച്ചടക്കത്തിന്റെ ഭാഗമാണ്.

വിദ്യാഭ്യാസകാലത്തു നേടുന്ന മാനസിക പക്വതയാണ് വിദ്യാർഥികളെ ജീവിതാന്ത്യം വരെ പിൻതുടരുക. അതിനാൽ അച്ചടക്ക പൂർണമായ ഒരു ജീവിതം നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടത് അത്യാവശ്യമാണ്.

I. മുകളിൽ കൊടുത്തിരിക്കുന്ന ഉപന്യാസം നോട്ടുബുക്കിൽ പകർത്തി എഴുതുക.

II. പ്രശസ്തരായ അഞ്ചു മലയാളസാഹിത്യകാരൻമാരുടെ ചിത്രങ്ങൾ ശേഖരിച്ച് ബുക്കിൽ ഒട്ടിച്ച് അവരുടെ പേരും കൃതികളുടെ പേരും എഴുതുക